വഹിക്കണം. വാടക, ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും അറ്റകുറ്റപണി, ടെലി ഫോൺ ചാർജ്ജ്, വാഹന പ്രവർത്തന ചെലവ് എന്നിവ ഇതിൽപ്പെടുന്നു. അതത് തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്ന പ്രകാരം പൊതു ആവശ്യ ഗ്രാന്റ് ഏത് ആവശ്യത്തിനും വിനിയോഗിക്കാവുന്നതാണ്.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏൽപ്പിക്കപ്പെട്ട നികുതി, വിഭജിക്കപ്പെട്ട നികുതി, സ്റ്റാറ്റ്യൂട്ടറിയും സ്റ്റാറ്റ്യൂട്ടറി അല്ലാത്തതുമായ ഗ്രാന്റ്-ഇൻ-എയ്ഡ് എന്നിവയ്ക്കു പകരമായി പ്രത്യേക ഉദ്ദേശത്തോടുകൂടിയും അല്ലാത്തതുമായ പൊതു ആവശ്യ ഗ്രാന്റ് നൽകുന്നതുകൊണ്ട് 2004-2005 വർഷം മുതൽ റൂറൽ പൂളിൽ ഉൾപ്പെടുത്തി ഗ്രാന്റുകൾ നൽകുന്നില്ല.

വികലാംഗയായ ടി. രേണുക നൽകിയ നിവേദനം

96 [2528] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ താൽക്കാലിക ജീവനക്കാരിയായി വന്ന വികലാംഗയായ ശ്രീമതി ടി. രേണുക 2004 ജൂലൈ മാസം നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 5-3-2005-ലെ 33/05/എസ്.ഡബ്ല്യൂ.ഡി. സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ഹർജിക്കാരിക്കു സ്ഥിരമായ നിയമനം നൽകുന്നകാര്യം പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ചുവരികയാണ്.

കൽപ്പറ്റ നഗരസഭ

97 [2529] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭാ സെക്രട്ടറി അവിടുത്തെ ഭരണ സമിതിയെ ധിക്കരിച്ചുകൊണ്ട് പ്രവർത്തിക്കുകയാണെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly